**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.8 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**ജി.ഒ (ആർ.ടി) നം.1407/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 30/05/2013**

---

**പരാമർശം:-** 1) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 25/10/2012-ലെ കത്ത്.

2) 19/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി3/24966/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നൈറ്റ് ക്ലാസ്സ് ഏർപ്പെടുത്തുന്നതിനായി ചെലവഴിച്ച 15,000/- രൂപ ഓഡിറ്റ് നിരാകരിക്കുകയും സർക്കാർ സാധൂകരണത്തിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനായി 15,000/- രൂപ അടങ്കലിൽ നടപ്പിലാക്കിയ പദ്ധതി ആയിരുന്ന "വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കൽ, നൈറ്റ് ക്ലാസ്സ്" ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മൂന്ന് ഗവണ്മെന്റ് ഹൈസ്കൂളുകളിലേയും എസ്.എസ്.എൽ.സി വിജയശതമാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിലാക്കിയതെന്നും കൂടുതലും നിർദ്ധനരായ പാവപ്പെട്ട കുട്ടികളാണ് ഈ ഹൈസ്കൂളുകളിൽ പഠിച്ചു വരുന്നതെന്നും വികസന ഫണ്ടിൽ നിന്നും പ്രസ്തുത തുക ചെലഴിച്ചത് സദുദ്ദേശ്യത്തോടെയാണെന്ന് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 01/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 104(2)/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8-ൽ പരാമർശിക്കപ്പെട്ട - വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കൽ- നൈറ്റ് ക്ലാസ്സ്, 10-ാം ക്ലാസ്സ് ഇവ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ലെങ്കിലും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം പരിഗണിച്ച് മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരമുള്ള 15,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8-ൽ തടസ്സപ്പെടുത്തിയ 15,000/- രൂപ (പതിനഞ്ചായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡണ്ട്/സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ